

ഉണ്ണികൃഷ്ണൻ കിടങ്ങൂർ

# ജ്ഞാനിയാകാൻ!

സിദ്ധാർത്ഥകുമാരൻ വലിയ വാശിക്കാരനാണ്. ഒരു കാര്യം തീരുമാനിച്ചാൽ അത് നടത്തിയേ മതിയാകൂ! ഒരിക്കൽ കുമാരന് വലിയൊരു ആഗ്രഹം.. 'പെട്ടെന്ന് ജ്ഞാനം നേടണം.' കൊട്ടാരത്തിലെ പണ്ഡിതൻമാരെ ഇക്കാര്യം ധരിപ്പിച്ചു: "എനിക്ക് ഉടനെ ജ്ഞാനിയാകണം." പക്ഷേ ആർക്കും ഇക്കാര്യത്തിൽ കുമാരനെ സഹായിക്കാനായില്ല.

കുമാരന് കോപമായി. "നമ്മെ പെട്ടെന്ന് ജ്ഞാനിയാക്കാൻ കഴിയാത്ത നിങ്ങളുടെ ജ്ഞാനം എന്തിനു കൊള്ളാം..!? വേഗം മന്ത്രിയെ വിളിക്കൂ.." കുമാരൻ ആജ്ഞാപിച്ചു.

മന്ത്രി വന്നു. വിവരങ്ങൾ കേട്ടുകഴിഞ്ഞപ്പോൾ ബുദ്ധിമാനായ മന്ത്രി പറഞ്ഞു: "കുമാരാ.. അങ്ങ് ഇക്കാര്യത്തിൽ വിഷമിക്കേണ്ടതില്ല. കുമാരനെ പെട്ടെന്ന് ജ്ഞാനിയാക്കാൻ പറ്റിയ ഒരു ഗുരുവുണ്ട്.." അതുകേട്ടപ്പോൾ കുമാരന് സന്തോഷമായി. "പറയൂ.. ആരാണത്?" മന്ത്രി ഒരു ഗുരുവിന്റെ പേര് പറഞ്ഞുകൊടുത്തു. പിന്നീട് പറഞ്ഞു: "ഇങ്ങനെയുള്ള കാര്യത്തിന് ഒറ്റക്കുവേണം പോകാൻ.. അതാണ് നല്ലത്."

അങ്ങനെ മന്ത്രിയുടെ നിർദേശപ്രകാരം പിറ്റേന്ന് രാവിലെ കുമാരൻ യാത്ര തിരിച്ചു. സന്ധ്യയായപ്പോഴേക്കും വനത്തിലെ ആശ്രമത്തിൽ എത്തിച്ചേർന്നു. ശിഷ്യൻമാർ കുമാരനെ ഗുരുവിന്റെ അടുത്തെത്തിച്ചു. ധ്യാനനിമഗ്നനായിരുന്ന ആ ഗുരുശ്രേഷ്ഠന്റെ രൂപം കണ്ടപ്പോഴേ അദ്ദേഹം ജ്ഞാനിയാണെന്ന് കുമാരന് ബോധ്യമായി.

ധ്യാനത്തിൽനിന്നുണർന്ന ഗുരുവിനോട് കുമാരൻ താൻ വന്ന കാര്യം പറഞ്ഞു. അദ്ദേഹം



റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം- മുംബൈ





## സമുദ്ര തീരം കൂടിയത്

**ലോകത്തിൽ ഏറ്റവും കൂടുതൽ സമുദ്രതീരമുള്ള രാജ്യം കാനഡയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ സമുദ്രതീരമുള്ളത് ഇന്തോനേഷ്യക്കാണ്. ഏറ്റവും കൂടുതൽ സമുദ്രതീരമുള്ള ഇന്ത്യൻ സംസ്ഥാനം ഗുജറാത്ത് ആണ്. കേരളത്തിൽ ഏറ്റവുമധികം കടൽത്തീരമുള്ള ജില്ല കണ്ണൂർ ആണ്.**

കുമാരനോട് പറഞ്ഞു: ''നാളെ പ്രഭാത പ്രാർഥനക്കുശേഷം വന്നാൽ മതി; ഞാൻ അങ്ങയെ നിമിഷങ്ങൾകൊണ്ട് ജ്ഞാനിയാക്കാം..'' കുമാരന് സന്തോഷമായി.

കുശലാന്വേഷണങ്ങൾക്കിടയിൽ കുമാരൻ ചതുരംഗക്കളിയിൽ കേമനാണെന്ന് ഗുരു മനസ്സിലാക്കി. അടുത്തദിവസം പ്രഭാതപ്രാർഥനക്കുശേഷം കുമാരൻ ഗുരുവിന്റെ അരികിലെത്തി. ''കുമാരാ.. ജ്ഞാനം നൽകുന്നതിനുമുമ്പ് ഞാനൊരു പരീക്ഷണം നടത്തും..'' മുനിശ്രേഷ്ഠൻ തുടർന്നു:

''നമ്മുടെ ശിഷ്യനെ കുമാരൻ ചതുരംഗക്കളിയിൽ തോൽപിക്കണം. പക്ഷേ ഒരു വ്യവസ്ഥ. പരാജയപ്പെടുന്നയാളെ നാം ആ നിമിഷം വധിക്കുന്നതാണ്.'' കുമാരൻ സമ്മതിച്ചു. ചതുരംഗപ്പലകയുടെ ഇരുവശത്തുമായി കുമാരനും ശിഷ്യനും ഇരുപ്പുറപ്പിച്ചു. കളി തുടങ്ങാൻ ഗുരു അനുവാദം നൽകി. കരുക്കൾ നീക്കിത്തുടങ്ങിയതോടെ കുമാരന് ആവേശമായി. ശിഷ്യന് കളിയിൽ വലിയ അറിവില്ലെന്ന് കുമാരന് പിടികിട്ടി. ''പെട്ടെന്നുതന്നെ ഇയാളെ തോൽപ്പിക്കാം. ജ്ഞാനിയുമാകാം..'' കുമാരൻ ആവേശത്തോടെ കളി തുടങ്ങി.

അടുത്ത നിമിഷം കുമാരൻ ചിന്തിച്ചു: ''ഞാൻ ഈ ആശ്രമത്തിൽ സ്വാർഥതാൽപര്യത്തിനുവേണ്ടി മാത്രം എത്തിയതല്ല.. മാത്രവുമല്ല, താനൊരു രാജകുമാരനാണ്. പ്രജകളുടെ കാര്യത്തിൽ പ്രത്യേകം താൽപര്യവും ശ്രദ്ധയും കാട്ടേണ്ടവൻ.. ഞാൻ ജയിച്ചാൽ പാവം ശിഷ്യന്റെ കാര്യം എന്താകും..?'' കുമാരന്റെ മനസ്സ് ആടിയുലഞ്ഞു. മുഖത്ത് ദുഃഖഭാവമായി.

''ഈശ്വരാ.. ഞാനിനി എന്തുചെയ്യും..? ജ്ഞാനിയാകുകയും വേണം.. ശിഷ്യന്റെ ജീവനും രക്ഷിക്കണം..''

ഉടൻ കുമാരൻ ഒരു തീരുമാനമെടുത്തു: 'ഒരാളെ മരണത്തിന് വിട്ടുകൊടുത്തുകൊണ്ട് എനിക്ക് ജ്ഞാനിയാകേണ്ടതില്ല..' അതിനായി കുമാരൻ അലസതയോടെ കരുക്കൾ നീക്കി. പക്ഷേ കുമാരന് അലസനായി കളിക്കാനും കഴിഞ്ഞില്ല. ജയിക്കാതിരിക്കാൻ കൂടുതൽ ശ്രദ്ധിച്ചു. കുമാരൻ തോൽക്കാനായി കളിക്കുന്നത് ഗുരു കാണുന്നുണ്ടായിരുന്നു. പെട്ടെന്ന് ഗുരു പറഞ്ഞു: ''കുമാരാ.. കളി നിർത്തൂ..'' കുമാരൻ കളിനിർത്തി.

അപ്പോൾ ഗുരു പറഞ്ഞു: ''കുമാരാ.. അങ്ങ് ജ്ഞാനിയാകാനുള്ള ആദ്യപാഠം പഠിച്ചുകഴിഞ്ഞു. അതിലൊന്ന് അനുകമ്പയാണ്.. രണ്ട് ഏകാഗ്രത..''

ആശ്ചര്യത്തോടെ തന്നെ നോക്കുന്ന കുമാരനോട് ഗുരു പറഞ്ഞു: ''ഏറ്റവും നിസ്സാരമെന്ന് നാം കരുതുന്ന കാര്യങ്ങൾപോലും നേടാൻ വേണ്ട ഗുണമാണ് ഏകാഗ്രത. അതുപോലെ മറ്റുള്ളവരോട് അനുകമ്പയുണ്ടാകണം. അവരുടെ ദുഃഖങ്ങളിൽ കനിവുണ്ടാകണം.

ചിന്തകൾ ഈശ്വരനിൽ കേന്ദ്രീകരിക്കൂ.. അപ്പോൾ ദൈവത്തിന്റെ അനുഗ്രഹം ഉണ്ടാകും. അതുള്ളവർ എപ്പോഴും ജ്ഞാനികളാണ്. അതില്ലെങ്കിൽ എന്തു ജ്ഞാനമുണ്ടായിട്ടും കാര്യമില്ല.'' കുമാരന് ഗുരു പറഞ്ഞത് ബോധ്യമായി. അദ്ദേഹം സന്തോഷത്തോടെ കൊട്ടാരത്തിലേക്കു മടങ്ങി.

✦